"ഭരണഭാഷ- മാതൃഭാഷ"

**കേരള സർക്കാർ**

**സംഗ്രഹം**

കൃഷി വകുപ്പ് - ചെറുകിട നാമമാത്ര കർഷക പെൻഷൻ പദ്ധതി - പുതിയ ഗുണഭോക്താക്കളുടെ പട്ടിക - ഭേദഗതി ചെയ്തു - ഉത്തരവ് പുറപ്പെടുവിക്കുന്നു.

**കൃഷി (ആസൂത്രണം-ബി) വകുപ്പ്**

സ.ഉ.(കൈ) നം.133/2024/AGRI തീയതി,തിരുവനന്തപുരം, 27-11-2024

പരാമർശം:- 1. സ.ഉ.(കൈ) നം. 107/2024/കൃഷി, തീയതി 14/10/2024

2. കാർഷിക വികസന കർഷക ക്ഷേമ വകുപ്പ് ഡയറക്ടറുടെ 08.11.2024 -ലെ ADFW/1256/2020-TS1 നമ്പർ കത്ത്.

**ഉത്തരവ്**

പരാമർശം 1 പ്രകാരം മറ്റേതെങ്കിലും പെൻഷൻ വാങ്ങുന്നവർ കർഷക പെൻഷന് അർഹരല്ല എന്ന വ്യവസ്ഥയ്ക്ക് വിധേയമായി ചെറുകിട നാമമാത്ര കർഷക പെൻഷൻ പദ്ധതിയിൽ ഉൾപ്പെടുത്തുന്നതിലേക്കായി 6201 പുതിയ ഗുണഭോക്താക്കളുടെ പട്ടിക അംഗീകരിച്ചു കൊണ്ടും ടി പട്ടികയിൽ ഉൾപ്പെട്ടിരിക്കുന്ന അർഹരായ കർഷകരെ പെൻഷൻ പദ്ധതിയിൽ ഉൾപ്പെടുത്തുന്നതിന് കാർഷിക വികസന കർഷക ക്ഷേമ വകുപ്പ് ഡയറക്ടറെ ചുമതലപ്പെടുത്തിയും ഉത്തരവ് പുറപ്പെടുവിച്ചിരുന്നു.

2. എന്നാൽ പരാമർശം 1 പ്രകാരം അംഗീകരിച്ച പുതിയ ഗുണഭോക്താക്കളുടെ പട്ടികയിൽ തിരുവനന്തപുരം ജില്ലയിൽ ആറ്റിങ്ങൽ കൃഷി ഭവനിൽ നിന്നും ഉൾപ്പെട്ട ആകെ 5 പേർ കർഷക പെൻഷന് യോഗ്യരല്ല എന്ന് പുനഃപരിശോധനയിൽ കണ്ടെത്തിയതായും പകരം ചുവടെ ചേർത്തിരിക്കുന്ന പട്ടിക പ്രകാരമുള്ള 6 കർഷകരാണ് പെൻഷന് അർഹതയുള്ളതെന്നും പരാമർശം 2 പ്രകാരം കൃഷി ഡയറക്ടർ അറിയിക്കുകയുണ്ടായി.

| Sl. No | പേര് | വിലാസം |
|---|---|---|
| 1 | ശ്രീ. പ്രതാപചന്ദ്രൻ | ചൈതന്യ, മുഞ്ഞിനാട് |
| 2 | ശ്രീ. ശ്രീരംഗൻ | ശിവോദയം, കൊടുമൺ |
| 3 | ശ്രീമതി. ശാന്ത | R.S ഭവൻ, ചെറുവള്ളിമുക്ക് |
| 4 | ശ്രീ. മോഹൻരാജ് | സാഗരം, ആലംകോട് |
| 5 | ശ്രീ. ചന്ദ്രൻ നായർ | A.C സൺസ്, വലിയകുന്ന് |
| 6 | ശ്രീമതി. ഓമനയമ്മ | ചിത്തിര, ആറ്റിങ്ങൽ |

3. സർക്കാർ ഈ വിഷയം വിശദമായി പരിശോധിച്ചു. പരാമർശം 1 പ്രകാരം ചെറുകിട നാമമാത്ര കർഷക പെൻഷൻ പദ്ധതിയിൽ ഉൾപ്പെടുത്തുന്നതിലേക്കായി അംഗീകരിച്ച 6201 പുതിയ ഗുണഭോക്താക്കളുടെ പട്ടികയിൽ തിരുവനന്തപുരം ജില്ലയിൽ ആറ്റിങ്ങൽ കൃഷി ഭവൻ പരിധിയിൽ നിന്നും ഉൾപ്പെട്ട അനർഹരായ ആകെ 5 പേരെ ഒഴിവാക്കി പകരം അർഹരായ പുതിയ 6 ഗുണഭോക്താക്കളുടെ മേൽ പട്ടിക അംഗീകരിച്ചും പട്ടികയിൽ ഉൾപ്പെട്ട കർഷകരെ ചെറുകിട നാമമാത്ര കർഷക പെൻഷൻ പദ്ധതിയിൽ ഉൾപ്പെടുത്തുന്നതിനും കാർഷിക വികസന കർഷക ക്ഷേമ വകുപ്പ് ഡയറക്ടറെ ചുമതലപ്പെടുത്തി ഉത്തരവ് പുറപ്പെടുവിക്കുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
ബാലഗോപാൽ കെ കെ
അഡിഷണൽ സെക്രട്ടറി

ഡയറക്ടർ, കാർഷിക വികസന കർഷക ക്ഷേമ വകുപ്പ്, തിരുവനന്തപുരം
പ്രിൻസിപ്പൽ കൃഷി ഓഫീസർ, തിരുവനന്തപുരം (കൃഷി ഡയറക്ടർ മുഖേന)
പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (എ&ഇ, ആഡിറ്റ്) കേരള, തിരുവനന്തപുരം
ധനകാര്യ (അഗ്രി-ബി/എസ്.എഫ്.സി-ബി) വകുപ്പ്
വിവര പൊതുജന സമ്പർക്ക (വെബ് & ന്യൂ) വകുപ്പ്
സ്റ്റോക് ഫയൽ/ ഓഫീസ് കോപ്പി (AGRI-PB1/262/2024)

ഉത്തരവിൻ പ്രകാരം
Signed by
Nisha T K
Date: 28-11-2024 10:45:57
സെക്ഷൻ ഓഫീസർ

പകർപ്പ്- ബഹു. കൃഷി വകുപ്പ് മന്ത്രിയുടെ പി.എസ്.-ന്